കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീ. ജോൺസൺ. കെ, ശ്രീ. അശോകകുമാർ. ടി.വി, ശ്രീ. സജീഷ്. ആർ എന്നിവരുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| CE | |
| DCE | |
| AO | |
| AA | |
| JS | |

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.663/2019/തസ്വഭവ. തീയതി, തിരുവനന്തപുരം,20.03.2019

---

പരാമർശം:- 1. സ.ഉ(സാധാ)നം.3584/2017/തസ്വഭവ തീയതി 06.11.2017.

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.11.2018 ലെ ഇ 1/11217/2018/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. ജോൺസൺ. കെ, ശ്രീ. അശോകകുമാർ. ടി.വി, ശ്രീ. സജീഷ്. ആർ എന്നിവർ യഥാക്രമം 08.11.2017, 15.11.2017, 16.11.2017 പൂർവ്വാഹ്നത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. ടിയാളുകളുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(2) കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

ശ്രീ. ജോൺസൺ. കെ പ്രൊബേഷൻ കാലയളവിൽ 6 ദിവസത്തെ പരിവർത്തനാവധി വിനിയോഗിച്ചിട്ടുണ്ട്. ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് തൃശ്ശൂർ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീ. അശോകകുമാർ. ടി.വിയും ശ്രീ. സജീഷ്. ആർ- ഉം പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും വിനിയോഗിച്ചിട്ടില്ല. ശ്രീ. അശോകകുമാർ. ടി.വി-യുടെയും ശ്രീ. സജീഷ്. ആർ-ന്റെയും ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് യഥാക്രമം കെ.എസ്.ആർ.ആർ.ഡി.എ സൂപ്രണ്ടിംഗ് എഞ്ചിനീയറും, ചീഫ് എഞ്ചിനീയറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ശ്രീ. ജോൺസൺ. കെ, ശ്രീ. അശോകകുമാർ. ടി.വി, ശ്രീ. സജീഷ്. ആർ എന്നീ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം യഥാക്രമം 14.05.2018, 15.05.2018 and 16.05.2018 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വി.പി. ശ്രീജിത്ത്**

അണ്ടർ സെക്രട്ടറി

1 ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

E1/ 11253/ 2016/ CE/ LSGD          Dated : 06/04/2019

This G.O is forwarded to the officers concerned through website for information.

Office of the Chief Engineer
LSGD, Thiruvananthapuram

ADMINISTRATIVE ASSISTANT
OFFICE OF THE CHIEF ENGINEER
LSGD, THIRUVANANTHAPURAM